**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3683** **14-07-2022 - ൽ മറുപടിയ്ക്ക്**

**മാംസ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാംസ ഉല്പാദനം മാംസത്തിന്റെ ആവശ്യകതയെക്കാൾ കുറവാണ് എന്ന സാമ്പത്തിക സർവ്വേയിലെ നിരീക്ഷണം ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആഭ്യന്തര ആവശ്യകതയെക്കാൾ എത്ര മെട്രിക് ടൺ കുറവാണ് നിലവിലെ ഉല്പാദനം എന്ന് വ്യക്തമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 4,63,506 മെട്രിക് ടൺ ഉല്പാദനവും 22,235 മെട്രിക് ടൺ ഇറക്കുമതിയും ഉൾപ്പടെ 4,85,741 മെട്രിക് ടൺ മാംസം സംസ്ഥാനത്ത് ലഭ്യമായിട്ടുണ്ട്. എകദേശം 5,66,299 മെട്രിക് ടൺ മാംസം സംസ്ഥാനത്ത് ഉപഭോഗത്തിനായി അവശ്യമുണ്ടെന്ന് കണക്കാക്കുന്നു. അതനുസരിച്ച് 80,558 മെട്രിക് ടൺ കുറവുണ്ടെന്ന് കണക്കാക്കുന്നു.<br><br>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ (എം.പി.ഐ) ശരാശരി വാർഷിക ഇറച്ചി ഉൽപാദനം 600 മെട്രിക് ടൺ ആണ്. |
| (ബി) | കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര മെട്രിക് ടൺ സംസ്കരിച്ച മാംസം ഇറക്കുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21 - 14307.350 മെട്രിക് ടൺ<br><br>2021-22 - 22235.170 മെട്രിക് ടൺ<br><br>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ സംസ്കരിച്ച മാംസം ഇറക്കുമതി ചെയ്തിട്ടില്ല. |
| (സി) | മാംസത്തിന്റെ ആഭ്യന്തരാവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് മാംസ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ശുദ്ധമായ മാംസം ഉണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായി കുടുംബശ്രീ, KEPCO, MPI എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ പോത്തുകുട്ടി വളർത്തൽ, ആട് വളർത്തൽ പന്നിവളർത്തൽ എന്നിവ പ്രോത്സാഹിപ്പി ക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഇടയാറിൽ ഒരു അത്യാധുനിക ഇറച്ചി സംസ്കരണശാല നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രതിദിനം ഒരു |

| | | | |
|---|---|---|---|
| | | | ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പു ചെയ്ത് 26 മെട്രിക് ടൺ ഇറച്ചി ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയുന്നതാണ്. റീബിൽഡ് കേരള ഇൻഷിയേറ്റീവ് സ്കീമിലുൾപ്പെടുത്തി കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഒരു പൗൾട്രി പ്രോസസിങ്ങ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി കാള/പോത്ത്/ആട് തുടങ്ങിയവയുടെ ഇറച്ചി സംസ്കരിക്കുന്നതിനുള്ള സംസ്കരണ പ്ലാന്റും മടിക്കൈ പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>പുനലൂർ ഏരൂർ പഞ്ചായത്തിൽ മൂല്യവർദ്ധിത ഇറച്ചി ഉൽപന്ന സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ